ചെറുതായിരിക്കുന്നതിന്റെ പ്രസക്തി

# ലിറ്റിൽ മാസിക

2009
സെപ്തംബർ
ലക്കം: 110

## ആഘോഷിക്കാം നമുക്കിനി കാർഫ്രീ ഡേ!



2009 സെപ്തംബർ
ലക്കം 110

ലിറ്റിൽ മാസിക
ചുങ്കത്തറ പി.ഒ., മലപ്പുറം - 679334
Ph: 04931-231493, 232780
Mob: 9946428284, 9995264564
email:littlemasika@gmail.com

•

ചീഫ് എഡിറ്റർ
**ബിജു ജോൺ**

കോ-ഓർഡിനേറ്റിംഗ് എഡിറ്റർ
**അബ്ദുള്ളക്കുട്ടി എടവണ്ണ**

മാനേജിംഗ് എഡിറ്റർ
**ജയപ്രകാശ് നിലമ്പൂർ**

എക്സിക്യൂട്ടീവ് എഡിറ്റർ
**പി.എം. ജോൺ**

പത്രാധിപ സമിതി
**സതീഷ് ചളിപ്പാടം**
**മനോഹർ വർഗീസ്**
**ചന്ദ്രബാബു തൃക്കലങ്ങോട്**

സ്പെഷ്യൽ കറസ്പോണ്ടന്റ്
**ഹാരിസ് നെന്മേനി**

ലേഔട്ട്
**റസീസ് അഹമ്മദ്**


പ്രിന്റിംഗ്
**ഇംപീരിയൽ ഓഫ്സെറ്റ് എടവണ്ണ**
**9895117614**
•

1992ൽ ദൃഷ്ടി എന്ന പേരിൽ പ്രസിദ്ധീകരണം ആരംഭിച്ചു. 1993 മുതൽ ലിറ്റിൽ മാസിക എന്ന പേരിൽ രജിസ്റ്റർ ചെയ്ത മാസികയായി പ്രസിദ്ധീകരിച്ചു വരുന്നു. ചെറിയ മനുഷ്യർ, കൊച്ചുപ്രസ്ഥാനങ്ങൾ, ചെറുതെങ്കിലും ആത്മാർത്ഥമായ ജനകീയ ഇടപെടലുകൾ പൂവ്, കാട്, പുഴ, ചെറുജീവികൾ, ദൃഷ്ടിഗോചരമല്ലാത്ത പ്രാണികൾ അങ്ങനെ ചെറുതും സുന്ദരവും സ്ഥായിയായി നിലനിൽക്കുന്നതുമായ ജീവിതത്തിന്റെ വിവിധ ഭാവങ്ങൾ...! ഇവയെക്കുറിച്ചെല്ലാമാണ് ഈ പത്രം വിചാരപ്പെടുന്നത്.

**ലിറ്റിൽ മാസിക ഇനി ബ്ലോഗിലും**
ലോകത്തെല്ലായിടത്തുമുള്ള ലിറ്റിൽ മാസിക സുഹൃത്തുക്കൾക്ക് ഇനി ബ്ലോഗിലും ലിറ്റിൽ മാസിക വായിക്കാം. visit: http://www.elittlemasika.blogspot.com/

## കൈമുദ്ര

*കൈപ്പടയിൽ തെളിയുന്ന അക്ഷരക്കൂട്ടങ്ങൾക്ക് ലാളിത്യമാർന്ന വശ്യതയും സൗന്ദര്യവുമുണ്ട്. ആത്മാംശം പുരണ്ട കൈമുദ്രകളിൽ ചിലത് ഈ കോളത്തിൽ പ്രസിദ്ധീകരിക്കുന്നു. ഈ ലക്കത്തിൽ കവി കുഞ്ഞുണ്ണി മാഷിന്റെ പഴയ ഒരു കത്ത്.*



## വായനയുടെ പക്ഷം

ഞാൻ താങ്കളുടെ മാസികയുടെ ഒരു സ്ഥിരം വായനക്കാരിയാണ്. ജൂൺ-ജൂലായ് മാസത്തിൽ കൊടുത്ത "പുകഴേന്തി എന്ന ജനകീയ ഡോക്ടർ പറയുന്നത്" എന്ന തലക്കെട്ടുള്ള അഭിമുഖം വളരെയധികം നന്നായിരുന്നു. ഡോക്ടറെക്കുറിച്ച് കൂടുതൽ അറിയാൻ താല്പര്യമുണ്ട്. കുട്ടികഥകളും കവിതകളും എനിക്കിഷ്ടമായി. ചെറുതെങ്കിലും വളരെയധികം അറിവ് നൽകുന്ന ഒരു മാസികയാണ് ലിറ്റിൽമാസിക.

**ആമിയ പി.കെ**
9-ാം ക്ലാസ്സ്, എച്ച്.എം.വൈ.എച്ച്.എസ്.എസ് മഞ്ചേരി

ആഗസ്റ്റ് ലക്കത്തിലെ 'ഐ.ഐ.എം ബിരുദധാരി പച്ചക്കറി വ്യാപാരം ചെയ്യുമ്പോൾ' എന്ന ലേഖനം ഞാൻ അഹമ്മദാബാദിലെ ഐ.ഐ.എം വിദ്യാർത്ഥിയായ എന്റെ സുഹൃത്തിന് അയച്ചുകൊടുത്തു. പിൻകവറിൽ അലി മണിക്ഫാന്റെ മുഖചിത്രവുമായി വന്ന ലിമാ ലക്കം കണ്ടു. അതിന്റെ കോപ്പി ഒന്നയച്ചുതരുമോ?

**മുഹമ്മദ് ഷാഫി, എടത്തനാട്ടുകര**

ലിമാ ഓരോ ലക്കവും മികച്ചത്. ഒരു വരിയും വിടാതെ മുഴുവനും വായിക്കുന്ന ഒരേയൊരു മാഗസിൻ ലിമാ. ആശംസകളോടെ,

**ബാബു ഫ്രാൻസിസ്**
'നെബുല', ഗ്രീൻവേ
തൃശൂർ ഈസ്റ്റ് പി.ഒ - 680005

കുറച്ചു ദിവസമായി ഞാൻ കേരളത്തിലാണ്. സ്ഥിരം താവളത്തിൽ. ഉറുമ്പും തവളയും കുരുവിയും എല്ലാമായി സഹവസിക്കുന്നു. ലിമാക്ക് ഒരു ചെറിയ കുറിപ്പ് അയക്കുന്നു.

**എം.എം ദേവസ്യ (ഡൽഹി)**

**Copy left:** ലിറ്റിൽ മാസികയിൽ പ്രസിദ്ധീകരിക്കുന്ന രചനകൾക്ക് കോപ്പിറൈറ്റ് ഇല്ല. ആർക്കും രചനകൾ യഥേഷ്ടം ഉപയോഗിക്കാവുന്നതാണ്. രചയിതാവിന്റെ പേര് സൂചിപ്പിക്കണമെന്ന് മാത്രം.

**ദയവായി ഒരു കാർഡെങ്കിലും അയച്ച് ചെറുമാസികാ പ്രവർത്തനങ്ങളെ പിന്തുണക്കുക.**

# "പരിസ്ഥിതി പ്രവർത്തനം നമ്മളിൽനിന്ന് തുടങ്ങണം"

### ടി.പി പത്മനാഭൻ മാഷുമായി അഭിമുഖം

**പരിസ്ഥിതി പ്രവർത്തനമെന്നു പറഞ്ഞാൽ ഇന്ന് ജൂൺ അഞ്ചിന് മരം വെക്കലും പ്രസംഗങ്ങളും സെമിനാറുകളും മാത്രമായി മാറിയിരിക്കുന്നു. എത്രമാത്രം പരിസ്ഥിതി സംഘടനകളും നമുക്കുണ്ട്? നിരവധി അവാർഡുകളും ബഹുമതികളും ഏറ്റുവാങ്ങിയ പരിസ്ഥിതി പ്രവർത്തകരുമുണ്ട്. യഥാർത്ഥത്തിൽ പരിസ്ഥിതി പ്രവർത്തകരെന്നു ചൂണ്ടിക്കാണിക്കാൻ ആരാണ് നമുക്കിന്നുള്ളത്?**



പ്രകൃതി സംരക്ഷണ രംഗത്ത് പ്രവർത്തിക്കുന്നവർക്കും പ്രകൃതിയെക്കുറിച്ച് പഠിക്കുന്നവർക്കും അറിവും ഊർജ്ജവും നൽകിക്കൊണ്ടേയിരിക്കുന്ന മാസികയാണ് കണ്ണൂർ ജില്ലയിലെ എട്ടാട് നിന്ന് 'സീക്ക്' പ്രസിദ്ധീകരിക്കുന്ന സൂചീമുഖി മാസിക. കേരളത്തിന്റെ പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളുടെ ചരിത്രത്തോടൊപ്പം സഞ്ചരിക്കുകയാണ് ഈ കൊച്ചു മഹത്തരമായ മാസിക. സൂചീമുഖിയുടെയും സീക്കിന്റെയും പ്രവർത്തനങ്ങളുടെ അമരക്കാരനായി പ്രവർത്തിക്കുന്ന ടി.പി പത്മനാഭൻ മാഷ് പരിസ്ഥിതി രംഗത്ത് പ്രവർത്തിക്കുന്നവർക്ക് മാതൃകയാണ്. വിശ്രമമില്ലാതെ ലളിത ജീവിതശൈലിയിലൂടെ അദ്ദേഹം പ്രവർത്തനനിരതനായി ജീവിത ധർമ്മം നിറവേറ്റിക്കൊണ്ടേയിരിക്കുന്നു.

പയ്യന്നൂരിലെ 'പ്രഭ'യിൽവെച്ച് ടി.പി മാഷുമായി ലിമാ പ്രവർത്തകർ നടത്തിയ സംഭാഷണത്തിൽനിന്ന്:

"പരിസ്ഥിതിയെക്കുറിച്ച് പുതിയ തലമുറക്ക് അവബോധമുണ്ടാക്കുക എന്നു പറഞ്ഞാൽ കുറേ വിവരങ്ങൾ കുത്തിനിറക്കുക എന്നതല്ല. വിവരങ്ങൾക്ക് ഇന്ന് പഞ്ഞമില്ല. ഡാറ്റകൾകൊണ്ടുമാത്രം കാര്യമാകുന്നില്ല. വൈകാരികമായി അവർക്ക് പരിസ്ഥിതി അനുഭവപ്പെടണം. പ്രപഞ്ചത്തെക്കുറിച്ച് അവരിൽ വിസ്മയമുണർത്തിയാൽ മതി. ആമസോൺ നദിയിലെ ഡിസ്ക്കസ്ഫിഷിന്റെ ജീവിതകഥ കുട്ടികളോടു പറഞ്ഞുനോക്കൂ. മുട്ടയിടാനാകുമ്പോൾ വെള്ളത്തിന് മുകളിലേക്ക് കുതിക്കുന്നു ഈ മത്സ്യങ്ങൾ. വെള്ളത്തിലേക്ക് ചാഞ്ഞുകിടക്കുന്ന മരക്കൊമ്പുകളിലേക്ക് വെള്ളം തെറിപ്പിച്ച് ഇലകളെ നനക്കുകയാണ് ഈ മത്സ്യങ്ങൾ ആദ്യം ചെയ്യുക. പിന്നീട് നനഞ്ഞ ഇലകളിലേക്ക് കുതിച്ചുചാടി മുട്ടയിടുന്നു. ഇലകളിൽ പറ്റിപ്പിടിച്ചു നിൽക്കുന്ന മുട്ടകൾ വിരിയുമ്പോൾ വീണ്ടും കുതിച്ചുചാടി വെള്ളം തെറിപ്പിച്ച് കുഞ്ഞുങ്ങളെ പുഴയിലേക്ക് വീഴ്ത്തുന്നു. നദീ തീരക്കാടും മത്സ്യങ്ങളുടെ നിലനിൽപ്പും തമ്മിലുള്ള ബന്ധം ജീവലോകത്തെ വിസ്മയക്കഥയിലൂടെ കുട്ടികൾ ഗ്രഹിക്കും.

സ്വന്തം ജീവിതവുമായി ബന്ധപ്പെടുത്തിയാണ് കുട്ടികളെ പരിസ്ഥിതി പഠിപ്പിക്കേണ്ടത്. ഇക്കോളജിയിൽ ഞാനുമുണ്ട് എന്ന തിരിച്ചറിവ് അവർക്കുണ്ടാകണം.

ആഗോള താപനത്തിന് മരമാണ് മറുപടി എന്നു പറയുന്നു. അതൊരു മറുപടി മാത്രം. നമ്മളിൽ വരുന്ന മാറ്റമാണ് പ്രധാനം.

സുഡാനിലെ ആഭ്യന്തരയുദ്ധകാലത്ത് അഭയാർത്ഥിക്യാമ്പിൽ ഭക്ഷണത്തിനുവേണ്ടി ഇഴഞ്ഞുനീങ്ങുന്ന പെൺകുട്ടിയെ റാഞ്ചാൻ ഒരുങ്ങിനിൽക്കുന്ന കഴുകന്റെ ചിത്രം പകർത്തിയ കെവിൻ കാർട്ടർ എന്ന ഫോട്ടോഗ്രാഫറുടെ കഥ കേട്ടിട്ടില്ലേ? 1994ൽ പുലിസ്റ്റർ സമ്മാനം നേടിയെങ്കിലും ആ ചിത്രവും ഫോട്ടോഗ്രാഫറും വിമർശനത്തിന്റെ കൂരമ്പുകൾ ഏറെ ഏറ്റുവാങ്ങി. ബാലികയെ ശവമെന്നു കരുതി റാഞ്ചാനൊരുങ്ങുന്ന കഴുകനെ ഓടിക്കാതെ ഫോട്ടോക്കുവേണ്ടി ക്യാമറയുമായി കാത്തുനിന്ന കാർട്ടറെ ക്രൂരനായി ചിത്രീകരിക്കുന്ന കത്തുകൾ ധാരാളമായി വന്നു. ഒടുവിൽ കാർട്ടർ കുറ്റബോധം കൊണ്ട് ആത്മഹത്യ ചെയ്തു. കാർട്ടർ ആത്മഹത്യാ കുറിപ്പിൽ എഴുതി: "ഈശ്വരാ..., ഒരു കുഞ്ഞുപോലും ആഹാരം പാഴാക്കരുതേ.., ഒരാളും ഒരന്നത്തെ പഴിക്കരുതേ.."

അഞ്ചുവയസ്സിന് താഴെയുള്ള 17,000 കുട്ടികൾ ഓരോ ദിവസവും പട്ടിണികൊണ്ട് മരിക്കുന്നുവെന്നാണ് ഔദ്യോഗിക കണക്ക്. ഈ സത്യമറിഞ്ഞാൽ എങ്ങനെയാണ് നാം ഓരോ വറ്റും പാഴാക്കിക്കളയുക! കയ്യും മനസ്സും ശ്രമിച്ചാൽ വീട്ടിലും സ്കൂളിലുമെല്ലാമുള്ള ആഹാരം പാഴാക്കിക്കളയൽ കുട്ടികൾക്ക് അവസാനിപ്പിക്കാൻ കഴിയും. അവർ ഒരു കടലാസു പോലും ചീന്തിക്കളയുകയില്ല. ഇന്നലെ വരെ ജീവനുണ്ടായിരുന്ന ഒരു വൃക്ഷത്തിന്റെ ഭാഗമാണ് കയ്യിലെ കടലാസെന്ന് അവർ തിരിച്ചറിയും.

മാലിന്യമെന്നു പറഞ്ഞാൽ പ്ലാസ്റ്റിക്കുകളെക്കുറിച്ചാണ് എല്ലാവരും പറയുക. സ്വന്തം വസ്ത്രവും അതിലുൾപ്പെടും, അത് പോളിയെസ്റ്റർ ആണെങ്കിൽ.

ഒരാൾ ഖദർ ധരിക്കുമ്പോൾ ഭക്ഷണം കഴിച്ച് ചിരിക്കുന്ന കുഞ്ഞുങ്ങളുടെ മുഖം കാണാം. പോളിയെസ്റ്റർ ആണ് ധരിക്കുന്നതെങ്കിൽ, യുദ്ധങ്ങളിലും ദുഃഖങ്ങളിലുംപെട്ട് കരയുന്ന കുഞ്ഞുങ്ങളുടെ മുഖമാണ് കാണുക. ഖദർ വസ്ത്രം വാങ്ങി ഉപയോഗിക്കുമ്പോൾ പട്ടിണിയിൽ കഴിയുന്ന ഒരു തൊഴിലാളിയുക്ക് അതൊരു താങ്ങാകും. പോളിയെസ്റ്റർ പെട്രോകെമിക്കൽ ഉത്പന്നമാണ്. അവ ബഹുരാഷ്ട്ര കുത്തക കമ്പനികളുടേതാണ്. നാം ഉപയോഗിക്കുന്ന പോളിയെസ്റ്റർ വസ്ത്രങ്ങൾ അധിനിവേശ ശക്തികൾക്കാണ് ശക്തി പകരുന്നത്. സദ്ദാം ഹുസൈന്റെ ഫ്ളക്സ് ബോർഡുകളുയർത്തി അധിനിവേശത്തിനെതിരെ പ്രതികരിക്കുമ്പോൾ അത് യുദ്ധക്കൊതിയൻമാർക്ക് കരുത്ത് പകരുകയാണ് ചെയ്യുന്നത്. കാരണം ഫ്ളക്സ് ഒരു പെട്രോ കെമിക്കൽ ഉത്പന്നമാണ്.

പരിസ്ഥിതി പ്രവർത്തനമെന്നു പറഞ്ഞാൽ ഇന്ന് ജൂൺ

കഥാധ്യാനം

# ഓട്ടപ്പാത്രങ്ങൾ



രണ്ട് കുടങ്ങൾ ഉണ്ടായിരുന്നു. ഒന്ന് ഒരു ചിന്നിയ കുടം. മറ്റേത് പൂർണ്ണകുംഭം. കർഷകന്റെ തോളിൽ ചേർത്തുവെച്ച മുളയുടെ ഇരുവശങ്ങളിലുമായി അവയെ തൂക്കിയിട്ട് എന്നും പുഴയിൽനിന്നും വയലിലേക്ക് വെള്ളം കോരിക്കൊണ്ടുവന്നു. നമുക്കറിയാം, ചിന്നിയ കുടത്തിലെ വെള്ളം ഒടുവിലെത്തുമ്പോൾ പാതിപോലും കാണില്ലയെന്ന്. ആത്മനിന്ദ തോന്നി ആ കുടത്തിന്, ഒപ്പം ഒരു തുള്ളി പോലും പാഴാക്കാതെ വയലിലെത്തുന്ന മറ്റേ കുടത്തോട് തെല്ല് അസൂയയും. എന്നിട്ടും ചിന്നിയ കുടത്തെ അയാൾ ഉപേക്ഷിച്ചില്ല. ഒരു ദിവസം വേദനയോടെ ആ കുടം അയാളോട് പറഞ്ഞു: എന്നെ കളഞ്ഞേക്കൂ, എനിക്കൊരിക്കലും നിങ്ങളാശിക്കുന്നത് ചെയ്യാനാവില്ല. ഞാൻ ഉടഞ്ഞ കുടമാണ്. കർഷകൻ ഒന്നു പുഞ്ചിരിച്ചു. അയാൾ പറഞ്ഞു: എന്റെ പൊന്നേ, നീ വരുന്ന വഴിത്താര ഒന്നു നോക്കൂ, എന്നിട്ടു പറയൂ എന്തു വേണമെന്ന്.

ശരിയാണ് ചിന്നിയ കുടത്തിന്റെ വഴിയിൽ നിറയെ പൂക്കൾ! പേരറിയാത്ത എണ്ണിയാൽ തീരാത്ത പുഷ്പങ്ങളുടെ വസന്തോത്സവും! ഓരോദിവസവും പല നേരങ്ങളിൽ ഈ വഴി നനച്ച ആ മിന്നൽ തന്നെ ഈ അത്ഭുതത്തിന് കാരണം. എന്നാൽ പൂർണ്ണകുംഭത്തിന്റെ വഴിയിൽ ഒരു പുൽനാമ്പുപോലും ഉണ്ടായിരുന്നില്ല.

അഞ്ചിന് മരം വെക്കലും പ്രസംഗങ്ങളും സെമിനാറുകളും മാത്രമായി മാറിയിരിക്കുന്നു. എത്രമാത്രം പരിസ്ഥിതി സംഘടനകളും നമുക്കുണ്ട്? നിരവധി അവാർഡുകളും ബഹുമതികളും ഏറ്റുവാങ്ങിയ പരിസ്ഥിതി പ്രവർത്തകരുമുണ്ട്. യഥാർത്ഥത്തിൽ പരിസ്ഥിതി പ്രവർത്തകരെന്നു ചൂണ്ടിക്കാണിക്കാൻ ആരാണ് നമുക്കിന്നുള്ളത്? ഞാനടക്കമുള്ള എല്ലാവരും സ്വന്തം കാര്യങ്ങൾ കഴിഞ്ഞ് ബാക്കി സമയം സേവനം നടത്തുന്ന സാമൂഹ്യപ്രവർത്തകരാണ്.

നമ്മളിൽനിന്നു തന്നെ തുടങ്ങേണ്ടതാണ് പരിസ്ഥിതി പ്രവർത്തനം. മുമ്പ് 'Think globally, act locally' എന്നാണ പറഞ്ഞിരുന്നത്. ഇന്ന് എങ്ങനെയാണ് ലോക്കൽ ആയിട്ട് ആക്ട് ചെയ്യുക? കൂടുതൽ പ്രശ്നങ്ങളും ഗ്ലോബൽ ആണ്. അപ്പോൾ പരിസ്ഥിതി പ്രവർത്തനങ്ങളുടെ ശൈലിയിലും മാറ്റം വരുന്നു. എഴുപതുകളിൽ സൈലന്റ് വാലി സമരവും തൊണ്ണൂറുകളിൽ നർമ്മദ ആദിവാസി പ്രക്ഷോഭങ്ങളും ആയിരുന്നെങ്കിൽ ഇന്ന്, എന്നെ സംരക്ഷിക്കാൻ ഞാൻ പ്രവർത്തിക്കണം എന്ന് ഓരോരുത്തരെയും ഓർമ്മിപ്പിക്കുന്ന രൂപത്തിലേക്ക് അത് മാറിയിരിക്കുന്നു.

പരിസ്ഥിതി പ്രവർത്തകർ തോൽക്കുന്ന സൈന്യത്തിലെ പടയാളികൾ അല്ല. ന്യൂനപക്ഷമാണെങ്കിലും അവർ ശക്തർ തന്നെയാണ്. കാലത്തിനനുസരിച്ച് പുതിയ ആയുധങ്ങൾ ഉപയോഗിച്ച് പ്രവർത്തിക്കണം എന്നുമാത്രം. മണലൂറ്റുന്നവരും കുന്നിടിക്കുന്നവരും കാടുവെട്ടുന്നവരും ഇന്ന് കൂടുതൽ പേടിക്കുന്നത് സർക്കാരിനേക്കാളും പോലീസുകാരേക്കാളും പരിസ്ഥിതി പ്രവർത്തകരെയാണ്. പരിസ്ഥിതി പ്രവർത്തകർ പറയുന്ന സത്യം എന്നും ജയിക്കുന്നു. അവ സത്യമാണെന്ന് ഓരോ നിമിഷത്തിലും തെളിഞ്ഞുകൊണ്ടിരിക്കുന്നു. പല പ്രശ്നങ്ങൾക്കും ദുരന്തങ്ങൾക്കും മുമ്പിൽ പകച്ചുനിന്ന് തോൽവിയടയുന്നത് ഇന്നത്തെ ടെക്നോക്രാറ്റ് സമൂഹമാണ്. പരിസ്ഥിതിക്കാരല്ല.

കൊതുകിനു മുമ്പിൽ പകച്ചു നിൽക്കുന്ന ലോകമാണിന്ന്. പനി വരാനും ശരീരത്തിൽ നീര് വരാനും എന്താണ് കാരണമെന്ന് ഇത്രമാത്രം രോഗികൾ തങ്ങളുടെ മുമ്പിൽ വന്നിട്ടും ഡോക്ടർമാർക്ക് പറയാൻ കഴിയുന്നില്ല. അവർ മരുന്ന് കുറിച്ചുകൊടുക്കുന്നവർ മാത്രമായി മാറിയിരിക്കുന്നു.

സാധാരണ MBBS മാത്രമുള്ള ഡോക്ടർമാർ തന്നെയാണ് ചരിത്രത്തിന്റെ നിർണ്ണായകഘട്ടങ്ങളിൽ വലിയ കണ്ടുപിടുത്തങ്ങൾ നടത്തിയിട്ടുള്ളത്. മലമ്പനി കൊതുകിനെ കണ്ടെത്തിയത് MBBS മാത്രമുള്ള ഒരു ഡോക്ടറായിരുന്നു. ജപ്പാനിലെ മീനമാത്ത രോഗത്തിന്റെ കാരണം കണ്ടെത്തിയതും ഡോക്ടർ തന്നെ. കാസർകോട് ജില്ലയിൽ ആളുകൾക്ക് അജ്ഞാത രോഗം പിടിപെട്ട് ചികിത്സ തേടിയെത്തിയത് കണ്ടപ്പോഴാണ് അതിന് കാരണം എൻഡോസൾഫാൻ ആണെന്ന് ഒരു MBBS ഡോക്ടറായ മോഹൻകുമാർ കണ്ടെത്തുന്നത്. നമ്മുടെ ഡോക്ടർമാർ മരുന്ന് കൊടുത്ത് ചികിത്സിക്കുക മാത്രമാണ് ചെയ്യുന്നത്."

**(അഭിമുഖം നടത്തിയത്: അബ്ദുള്ളക്കുട്ടി എടവണ്ണ, മൊണ്ടാഷ് മമ്മദ്.)**

*ടി.പി മാഷിന്റെ വിലാസം: ടി.പി പത്മനാഭൻ, 'പ്രഭ' പയ്യന്നൂർ പി.ഒ, കണ്ണൂർ ജില്ല – 670307. ഫോൺ: 0498 5208 684.)*

## ദയവായി സഹായിക്കാമോ?

സുഹൃത്തേ,

ജീവിതത്തിന്റെ എല്ലാ തലങ്ങളിലും ചെറുതിന്റെ ദർശനം അന്വേഷിക്കുന്ന ലിറ്റിൽ മാസികക്ക് ആശയ പരമായ തുറന്ന സംവാദം സന്തോഷകരമാണ്. ദയവായി നിങ്ങളുടെ വിലപ്പെട്ട നിരീക്ഷണങ്ങളും പ്രതികരണങ്ങളും അയച്ചു തരിക. പറ്റുമെങ്കിൽ 16 ലക്കങ്ങൾക്ക് 100 രുപ അയച്ചുതന്നും സുഹൃത്തുക്കൾക്ക് മാസിക പരിചയപ്പെടുത്തിയും സഹായിക്കാവുന്നതാണ്.

**16 ലക്കം 100 രുപ**
**ലിറ്റിൽ മാസിക, ചുങ്കത്തറ പി.ഒ,**
**മലപ്പുറം – 679334**

# കാർഫ്രീ ഡേ!




**ലോകവ്യാപകമായി എല്ലാ സെപ്തംബർ 22ഉം 'മോട്ടോർഫ്രീ ഡേ' ആയി ആചരിക്കാൻ തുടങ്ങിയത് 90കളിലാണ്. മോട്ടോർ രഹിതവും മലിനീകരണരഹിതവുമായ ഗതാഗതരീതികൾ വർധിപ്പിക്കുക എന്നതാണ് ലക്ഷ്യം. ഫ്രീകാർ മൂവ്മെന്റ് ഇന്ന് ലോകമെങ്ങും ശക്തമാണ്.**

ലിമാ ന്യൂസ് ഡസ്ക്

പൂനെ നഗരം ഈ സെപ്തംബർ 22ന് കാറുകളും മറ്റു സ്വകാര്യ മോട്ടോർ വാഹനങ്ങളും ഒഴിവാക്കി കാർഫ്രീ ഡേ ആചരിക്കുന്നു. പൂനെ കോർപ്പറേഷനുമായി ചേർന്ന് വിവിധ സാമൂഹിക സംഘടനകളാണ് പദ്ധതി നടപ്പാക്കുന്നത്. ലോകമെങ്ങും ഇതിനകം 'കാർഫ്രീ ഡേ' വൻ പ്രചാരം നേടിക്കഴിഞ്ഞിരിക്കുന്നു. ലോകവ്യാപകമായി എല്ലാ സെപ്തംബർ 22ഉം 'മോട്ടോർഫ്രീ ഡേ' ആയി ആചരിക്കാൻ തുടങ്ങിയത് 90കളിലാണ്. മോട്ടോർ രഹിതവും മലിനീകരണരഹിതവുമായ ഗതാഗതരീതികൾ വർധിപ്പിക്കുക എന്നതാണ് ലക്ഷ്യം. ഫ്രീകാർ മൂവ്മെന്റ് ഇന്ന് ലോകമെങ്ങും ശക്തമാണ്.

**പൂനെയുടെ മാതൃക**

ഇന്ത്യയിൽ പൂനെ കോർപ്പറേഷൻ വിവിധ സംഘടനകളുടെ സഹകരണത്തിൽ കാർഫ്രീ ഡേ ആചരിക്കുന്നു. 2008 സെപ്തംബർ 22ന് 200ൽ പരം സൈക്കിൾ യാത്രികരെ പങ്കെടുപ്പിച്ച് റാലി സംഘടിപ്പിച്ച് ജനങ്ങളുടെ ശ്രദ്ധ പിടിച്ചുപറ്റി, ജീവിതത്തിന്റെ എല്ലാ തുറകളിലുള്ളവരും പങ്കെടുത്ത റാലി സുസ്ഥിര യാത്രാ സംവിധാനത്തിന്റെ പ്രസക്തി ജനങ്ങളെ ഓർമ്മിപ്പിച്ചു.

പൂനെ ഡെപ്യൂട്ടി പോലീസ് കമ്മീഷണർ ഒരു സൈക്കിളിൽ റാലിയിൽ പങ്കെടുത്തു. റാലിയിൽ പല പ്രമുഖരും പങ്കെടുക്കുകയുണ്ടായി. നഗരത്തിൽ സൈക്കിൾ യാത്രക്ക് പ്രത്യേക പദവി, കാൽനടക്കാർക്ക് സുരക്ഷിതത്വം, പൊതുവാഹനം കാര്യക്ഷമമായി ഉപയോഗപ്പെടുത്തുക എന്നീ ആവശ്യങ്ങൾ പൊതുജനസമൂഹത്തിന് മുമ്പിലും അധികാരികളുടെ മുമ്പിലും അവതരിപ്പിക്കുക എന്ന ലക്ഷ്യത്തോടെ പൂനെ നഗരം കാർഫ്രീ ഡേ ആചരിക്കുകയാണ്.

# കടലുകൾ മാറുന്നു; കടൽജീവികൾ ഒടുങ്ങുന്നു

സിഡ്നി: മനുഷ്യൻ പ്രകൃതിയോട് കാട്ടുന്ന അതിക്രമങ്ങൾ നിയന്ത്രണമില്ലാതെ മുന്നേറുമ്പോൾ അത് കടലിന്റെ സ്വാഭാവികതയിൽ വലിയ മാറ്റമുണ്ടാക്കുന്നതായി പഠനം.


മത്സ്യങ്ങൾ ഉൾപ്പെടെയുള്ള നിരവധി സമുദ്രജീവികളുടെ ആവാസ വ്യവസ്ഥയിലാണ് മാറ്റം വന്നിരിക്കുന്നത്. തീരദേശ പരിസ്ഥിതിയിൽ വന്ന വ്യതിയാനം, സമുദ്രാന്തർഭാഗത്ത് നടക്കുന്ന പര്യവേക്ഷണങ്ങൾ മുതലായവയാണ് വളരെ പെട്ടെന്നുണ്ടായ മാറ്റത്തിന് കാരണമായി ഗവേഷകർ ചൂണ്ടിക്കാട്ടുന്നത്.

കരയിൽനിന്ന് ദിനംപ്രതി വർധിച്ച തോതിൽ കാർബൺ പുറന്തള്ളുന്നതാണ് സമുദ്രത്തിലുണ്ടാകുന്ന മാറ്റത്തിന്റെ മറ്റൊരു കാരണം.

സ്കോട്ട്ലന്റിലെ ജയിംസ് കുക്ക് യൂണിവേഴ്സിറ്റിയിലെയും എ.ആർ.സി സെന്ററിലെയും ഗവേഷകരാണ് ഇതു സംബന്ധിച്ച പഠനങ്ങൾ നടത്തിയത്.

സമുദ്ര മലിനീകരണം ഇപ്പോഴത്തെ നിരക്കിൽ തുടർന്നാൽ പവിഴപ്പുറ്റുകളും നിരവധി ജലജീവികളും തിരോധാനം ചെയ്യും. പല കടൽജീവികളും ഇപ്പോഴേ വംശനാശ ഭീഷണിയിലുമാണ്. സമുദ്രത്തിലെ ഓക്സിജന്റെ അളവ് കുറഞ്ഞുവരുന്നത് ജലജീവികൾക്ക് മാരകപ്രഹരമാകും.

# അപകടകാരികളായ വിദേശമത്സ്യങ്ങൾ ഭീഷണി



കൊച്ചി: രാജ്യത്ത് അപകടകാരികളായ വിദേശ മത്സ്യങ്ങൾ കടന്നുവരുന്നത് മത്സ്യസമ്പത്തിന് ഭീഷണിയാണെന്ന് സെൻട്രൽ മറൈൻ ഫിഷറീസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ സൈദ റാവു. വിദേശത്തുനിന്നും എത്തുന്ന മത്സങ്ങളെ തടയാൻ വിമാനത്താവളത്തിലും തുറമുഖകേന്ദ്രങ്ങളിലും പ്രതിരോധ സംവിധാനം (ക്വാറന്റൈൻ) നിലവിലുണ്ട്. എന്നിട്ടും മത്സ്യങ്ങളെ കൊന്നൊടുക്കുന്ന ഭീകരമത്സ്യങ്ങൾ ഏറെ എത്തുന്നുണ്ട്. കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ വിമാനത്താവളങ്ങളിൽ പരിശോധന കർശനമാക്കിയിരുന്നു. കസ്റ്റംസ് വിഭാഗം സംശയാസ്പദമായ സാഹചര്യങ്ങളിൽ പിടിച്ചെടുക്കുന്ന മത്സ്യങ്ങളെ പരിശോധിക്കുക എന്നത് മാത്രമാണ് തങ്ങളുടെ ജോലിയെന്ന് അദ്ദേഹം പറഞ്ഞു.

വാർത്താവിചാരം

# പന്നിപ്പനി വാർത്തകളിൽ മറന്നുപോകുന്നത്

**തോമസ് ചാണ്ടി**

**പരിഭാഷ: മൊണ്ടാഷ് മമ്മദ്**

**പന്നിപ്പനിക്ക് ലഭിച്ച അധിക മാധ്യമശ്രദ്ധയും വയറിളക്കം മൂലമുണ്ടാകുന്ന കുട്ടികളുടെ മരണത്തിലെ അവഗണനയും തമ്മിലുള്ള ഒരു താരതമ്യം തീർച്ചയായും വർത്തമാനകാല പത്രപ്രവർത്തനത്തെ പ്രതിക്കൂട്ടിലാക്കും.**

2009 ആഗസ്റ്റ് 4ന് പൂനെയിൽനിന്നും പന്നിപ്പനി മൂലം ഒരു പെൺകുട്ടിയുടെ മരണം റിപ്പോർട്ട് ചെയ്യപ്പെട്ടു. തുടർന്ന് കൊതിതീരാത്ത മാധ്യമക്കവറേജുകൾ ഈ പകർച്ചവ്യാധിയെക്കുറിച്ചുള്ള പേടി പൊതുബോധത്തിൽ സജീവമായി നിലനിർത്തിയിട്ടുണ്ട്.

ഈ പനിയുടെ വ്യാപനത്തെക്കുറിച്ചുള്ള പരിഭ്രാന്തി മനസ്സിലാക്കാവുന്നതേയുള്ളൂ. മാധ്യമങ്ങളുടെ അമിത താല്പര്യം പ്രവചിക്കാവുന്നതും. പനി തുറന്ന പുതിയൊരു തലം ഇതാണ്: അറിയാത്ത ഒന്നിനെക്കുറിച്ചുള്ള പേടിയും ആഗോളതലത്തിലുള്ള അതിന്റെ വ്യാപ്തി മൂലം സൃഷ്ടിക്കപ്പെടുന്ന വാർത്താ പ്രാധാന്യവും. വിവരങ്ങളുടെ ആധിക്യം കൾ


മരണം 4 രാജ്യം പന്നിപ്പനി ഭീതിയിൽ

മേൽനോട്ടം പ്രധാനമന്ത്രിയുടെ ഓഫീസ് ഏറ്റെടുത്തു

ഇതുവരെ രോഗം ബാധിച്ചത് 864 പേർക്ക്

തദ്ദേശീയ വാക്സിൻ നവംബറോടെ

വിഷയത്തെ സംബന്ധിച്ച പൊതുബോധത്തെ വർധിപ്പിക്കുകയും അർധസത്യങ്ങളെയും കെട്ടുകഥകളെയും തിരസ്കരിക്കാൻ ആളുകളെ സഹായിക്കുകയും ചെയ്തിട്ടുണ്ട്. ഇത് തികച്ചും ശുഭസൂചകം തന്നെയാണ്. മാധ്യമങ്ങളുടെ താല്പര്യം ഗവൺമെന്റിനെയും ഉണർത്തിയെന്നതും പ്രവർത്തിക്കാനോ അല്ലെങ്കിൽ സജീവമായി പ്രതികരിക്കുന്നുവെന്ന് വരുത്തിത്തീർക്കാനോ നിർബന്ധിതരായി എന്നതും ശ്രദ്ധേയമാണ്.

സമൂഹത്തിലെ മേലേക്കിടക്കാരെയോ അല്ലെങ്കിൽ സാമ്പത്തിക ഭദ്രതയുള്ള വിഭാഗങ്ങളെയോ മാത്രമാണ് പനി ബാധിച്ചതെന്നും അതുകൊണ്ട് തന്നെയാണ് ഇത്രയും ജനരോഷമുണ്ടായതെന്നും കാണാൻ വിഷമമില്ല. ആദ്യമായി കേസ് റിപ്പോർട്ട് ചെയ്ത മെയ് 16ന് ശേഷം ഏഴ് കുട്ടികളാണ് ഇന്ത്യയിൽ മരണമടഞ്ഞത്. സമയോചിതമായ രോഗഗണനയും യഥാസമയത്തുള്ള ചികിത്സയും ലഭിച്ചിരുന്നെങ്കിൽ ഇവ തീർച്ചയായും തടയാമായിരുന്നു. പൊതുജനരോഷം ന്യായീകരിക്കാവുന്നതേയുള്ളൂ. മാത്രമല്ല മാധ്യമങ്ങൾ ശരിയായ വിധത്തിൽ കുരുന്നുകളുടെ ജീവന്റെ നഷ്ടവും കുട്ടികൾക്ക് പനി എളുപ്പത്തിൽ പരക്കാനുള്ള സാധ്യതയും പുറത്തുകൊണ്ടുവന്നു.

എന്നാൽ, നിത്യേനയെന്നോണം ഇന്ത്യയുടെ നഗരങ്ങളിലും നാട്ടിൻപുറങ്ങളിലും അരങ്ങേറുന്ന മാധ്യമശ്രദ്ധ തീരെ ലഭിക്കാത്ത മറ്റൊരു ദുരന്തനാടകമുണ്ട്. ശ്വാസകോശസംബന്ധമായ രോഗങ്ങൾ മൂലം ഇന്ത്യയിൽ ഓരോ മണിക്കൂറിലും 45 കുട്ടികളെങ്കിലും മരിക്കുന്നുണ്ടെന്നാണ് ഗവൺമെന്റ് കേന്ദ്രങ്ങൾ തന്നെ വെളിപ്പെടുത്തിയ കണക്ക്. ഓരോ രണ്ടു മിനുട്ടിലും വയറിളക്കം മൂലം ഒരു കുട്ടിയെങ്കിലും മരിക്കുന്നു. ഇതിനർഥം എളുപ്പത്തിൽ ചികിത്സിച്ചു മാറ്റാവുന്നതും പ്രതിരോധിക്കാവുന്നതുമായ രോഗങ്ങൾകൊണ്ട് ഓരോ മാസവും ആയിരക്കണക്കിന് കുട്ടികൾ നമ്മുടെ നാട്ടിൽ മരിക്കുന്നുണ്ട് എന്നതാണ്.

എന്നിട്ടും ഈ മരണങ്ങളൊന്നും മാധ്യമങ്ങൾക്ക് ചാകരകളാവുന്നില്ലെന്ന് മാത്രമല്ല, ഒരു ചെറുതരംഗം പോലുമുണ്ടാക്കുന്നുമില്ല. ഈ അനാവശ്യമായ ജീവനഷ്ടങ്ങളെപ്പറ്റി പ്രസക്തമായ ജനരോഷമൊന്നും രൂപംകൊണ്ടില്ല. മറിച്ച്, ഇതേവരെ ഇന്ത്യയിൽ 74 പരുടെ മാത്രം (സംഖ്യ 102 ആയി വർധിച്ചിട്ടുണ്ട്) ജീവനപഹരിച്ച വൈറസ് നിയന്ത്രണ വിധേയമായ ഈ പകർച്ചവ്യാധി അതിന്റെ ഗൗരവത്തിന് ആനുപാതികമല്ലാത്ത പരസ്യശ്രദ്ധ നേടിയിട്ടുണ്ട്. പന്നിപ്പനിക്ക് ലഭിച്ച അധിക മാധ്യമശ്രദ്ധയും വയറിളക്കം മൂലമുണ്ടാകുന്ന കുട്ടികളുടെ മരണത്തിലെ അവഗണനയും തമ്മിലുള്ള ഒരു താരതമ്യം തീർച്ചയായും വർത്തമാനകാല പത്രപ്രവർത്തനത്തെ പ്രതിക്കൂട്ടിലാക്കും. പക്ഷേ, തീർത്തും അവഗണിക്കാവുന്നവിധം നാം സ്ഥിതിവിവരക്കണക്കുകളോട് താദാത്മ്യം പ്രാപിച്ചവരായിട്ടുണ്ടോ?

ഇന്ത്യയിലെ അഞ്ചുവയസ്സിന് താഴെയുള്ള 50 ശതമാനത്തോളം കുട്ടികൾ പോഷകാഹാരക്കുറവുള്ളവരാണ്. ഇത് ലോകത്തെ പോഷകാഹാരക്കുറവുള്ള കുട്ടികളുടെ 40 ശതമാനത്തോളം വരും.

പേരന്റിംഗ്

സണ്ണി കീക്കരിക്കാട്

# മാതാപിതാക്കൾക്ക് സ്നേഹപൂർവ്വം

- കുട്ടികൾ പട്ടങ്ങളാണ്. അവർ പറക്കട്ടെ. നിയന്ത്രിക്കാൻ നൂലിന്റെ ഒരു ഭാഗം മാത്രം മതി നമ്മുടെ കൈയിൽ. നൂലുമുഴുവൻ നാം കൈവശം വെച്ചുകൊണ്ടിരുന്നാൽ പട്ടത്തിന് ഉയരങ്ങൾ അപ്രാപ്യമാകും. പറന്നു കളിച്ചോട്ടെ എന്നു വിചാരിച്ച് ചരടുമുഴുവൻ അയച്ചുകൊടുത്താൽ പട്ടം എങ്ങുമെത്താതെ നിലം പൊത്തും. ചെയ്യേണ്ടത് ഇത്രമാത്രം: കാറ്റിന്റെ ഗതിക്കനുസരിച്ച് ചരട് അല്പാല്പം അയച്ചുവിടുക. അപ്പോൾ പറന്നു പറന്ന് പട്ടം ആകാശം കീഴടക്കിക്കൊള്ളും. കുട്ടികളെ വളർത്തുന്നത് പട്ടം പറത്തൽ പോലെ സുഖകരമായ ഒരഭ്യാസമാണ്.
- കുഞ്ഞുങ്ങളെ ഞെക്കിപ്പഴുപ്പിക്കുകയല്ല വേണ്ടത്. താനേ പഴുക്കാൻ അവരെ അനുവദിക്കുകയാണ് കരണീയം. ഞെക്കിപ്പഴുപ്പിച്ച പഴത്തേക്കാൾ മധുരം താനേ പഴുത്ത പഴത്തിനായിരിക്കുമല്ലോ.
- നമ്മുടെ കുടുംബം ഒരു നാഥനില്ലാക്കളരിയാണോ? എല്ലാമുണ്ടെങ്കിലും ഒന്നുമായില്ല എന്ന തോന്നൽ. നമ്മുടെ കുഞ്ഞുങ്ങളെ അലട്ടുന്നുണ്ടോ? എങ്കിൽ നാം, മാതാപിതാക്കൾ തന്നെയാണ് പ്രതികൾ. സ്വന്തം കുട്ടികളുടെ മുമ്പിൽ മാതൃകാവ്യക്തികളായി നാം രൂപം പ്രാപിക്കേണ്ടിയിരിക്കുന്നു. സമൂഹത്തിലും സമുദായത്തിലും ദുഷ്ടത എത്ര കണ്ടു പെരുകിയാലും, മാതാപിതാക്കൾക്കു മാതൃകാവ്യക്തികളായി മാറാൻ കഴിഞ്ഞാൽ ലോകത്തെവിടെയായിരുന്നാലും മക്കൾ ശുഭാപ്തി വിശ്വാസികളായിരിക്കും. കുഞ്ഞുങ്ങൾക്കു നൽകാനുള്ള ഏറ്റവും വിലപ്പെട്ട സമ്മാനം ഈ ശുഭാപ്തിവിശ്വാസം തന്നെയാകട്ടെ.
- കുട്ടികളെ നമ്മുടെ കണക്കിനൊപ്പിച്ചു വളർത്താൻ നോക്കേണ്ട. അവരുടെ കണക്കെന്താണെന്നു കണ്ടുപിടിക്കാൻ സഹായിച്ചാൽ മാത്രം മതി.
- കുട്ടി ഓടക്കുഴലാണ്. മൃദുവായി ഊതുക. ശ്രദ്ധാപൂർവ്വം വിരലമർത്തുക, മധുരനാദം പുറപ്പെടും!
- കുട്ടികളെ നോക്കി പുഞ്ചിരിക്കാൻ സമയം കണ്ടെത്തുക പുഞ്ചിരിക്കുമ്പോൾ നിങ്ങൾ ഒരു ജനാല തുറക്കുകയാണ്. അപ്പോൾ നിങ്ങൾക്കു കുട്ടിയെ കാണാം. കുട്ടിക്കു നിങ്ങളെയും.
- ഒരു മൊട്ടുസൂചിക്കുത്തേറ്റൽ പൊട്ടിപ്പോകുന്ന ബലൂൺ പോലെയാകരുത് നമ്മുടെ കുട്ടികൾ. ആഞ്ഞടിക്കുമ്പോൾ ഉയരത്തിലേക്കു കുതിക്കുന്ന പന്തുപോലെ വിപരീതസാഹചര്യങ്ങ ളിൽ നിന്ന് കരുത്താർജിച്ച് അവർ ഉയരങ്ങൾ പുൽകട്ടെ.
- കുട്ടികൾ നമ്മെപ്പോലെ വലിയവരാകാൻ ആഗ്രഹിക്കുമ്പോൾ നാം അവരെപ്പോലെ ചെറിയവരാകാൻ അഗ്രഹിക്കുക. ഈ ആഗ്രഹങ്ങൾ ഒന്നുചേരുമ്പോൾ അവർക്കു നമ്മുടെയും നമുക്ക് അവരുടെയും സാമീപ്യം ആനന്ദദായകമായിത്തീരുന്നു.
- കുഞ്ഞുങ്ങൾ ചിത്രശലഭങ്ങളാണ്. ശലഭങ്ങൾ പൂക്കളിലേക്കു മടങ്ങുന്നതുപോലെ, എവിടെ പോയാലും നമ്മുടെ കുഞ്ഞുങ്ങൾ സ്നേഹത്തിന്റെ മധുനുകരാൻ നമ്മുടെ പക്കലേക്കോടി അണയും, വിരിഞ്ഞ പൂക്കളെപ്പോലെ, തുറന്ന ഹൃദയവുമായി നാം കാത്തിരിക്കണമെന്നുമാത്രം.

---

പോഷകാഹാരക്കുറവ് ശാരീരികവും മാനസികവും ധിഷണാപരവുമായ വളർച്ചകളെ തടയുന്നുവെന്ന് മാത്രമല്ല, ഈ കുട്ടികളെ ശ്വാസകോശരോഗങ്ങൾക്കും വയറിളക്കം പോലുള്ള രോഗാണുക്കൾക്കും പെട്ടെന്ന് വിധേയരാക്കുന്നു. ഇത്തരം കുട്ടികൾ തികച്ചും സാധാരണവും എളുപ്പത്തിൽ തടയാവുന്നതുമായ ബാല്യകാല രോഗങ്ങൾകൊണ്ട് തന്നെ മരിക്കാനുള്ള സാധ്യത കൂടുന്നു. പോഷകാഹാരക്കുറവിന്റെ 'വെല്ലുവിളികളെ അതിജീവിക്കുന്ന കുട്ടികൾതന്നെ ജീവിതത്തിലുടനീളം അംഗവൈകല്യമുള്ളവരോ, ക്ഷയിച്ച പ്രതിരോധശേഷിയുള്ളവരോ, ബൗദ്ധികമായി വൈകല്യമുള്ളവരോ ആയിമാറുന്നു. രോഗങ്ങൾ പിടിപെടാൻ ദീർഘകാല സാധ്യതയുള്ളവരായിത്തീരുന്നു അവർ.

രണ്ടുവർഷം മുമ്പത്തെ സ്വാതന്ത്ര്യദിന പ്രഭാഷണത്തിൽ നമ്മുടെ പ്രധാനമന്ത്രി മൻമോഹൻസിങ്ങ് കുട്ടികൾക്കിടയിലെ പോഷകാഹാരക്കുറവ് നമ്മുടെ രാഷ്ട്രത്തിന് ദേശീയ അപമാനമാണെന്ന് പറഞ്ഞിരുന്നു. ഈ ഓഗസ്റ്റ് 15ലെ പ്രസംഗത്തിലും അദ്ദേഹം പോഷകാഹാരക്കുറവിനെ ഉന്മൂലനം ചെയ്യാനുള്ള തന്റെ ഉറച്ച തീരുമാനം ആവർത്തിച്ചു. അദ്ദേഹം പറഞ്ഞു: "രാജ്യത്തെ ആറു വയസ്സിന് താഴെയുള്ള എല്ലാ കുട്ടികളിലേക്കും ഐ.സി.ഡി.എസ് (സംയോജിത ശിശുവികസന സേവനപ്രവർത്തനങ്ങൾ) 2012ഓടെ വ്യാപിപ്പിക്കുന്നതിന് നാം കഠിനമായി പരിശ്രമിക്കും." പക്ഷേ, സദുദ്ദേശ്യങ്ങൾ കൊണ്ടുമാത്രം ഒന്നുമാവില്ല എന്ന് ഈ ഞെട്ടിപ്പിക്കുന്ന കണക്കുകൾ കാണിക്കും.

ലോകത്തിലെ ഏറ്റവും വലിയ പോഷകാഹാര പരിപാടിയായ ഐ.സി.ഡി.എസ് പക്ഷേ, കഴിഞ്ഞ ഇരുപത് വർഷമായി രോഗികളും പോഷകാഹാരക്കുറവുള്ളതുമായ കുട്ടികൾക്കുവേണ്ടി പറയത്തക്കതായി ഒന്നും ചെയ്തിട്ടില്ല. ഉദാഹരണത്തിന് ഡൽഹിയിൽ മാത്രം ആറ് വയസ്സിന് താഴെയുള്ള 45.5 ശതമാനം കുട്ടികൾക്ക് മാത്രമേ ഐ.സി.ഡി.എസ് കേന്ദ്രത്തിലേക്ക് പ്രവേശനം സാധ്യമായിട്ടുള്ളൂ. വാർഷിക ബജറ്റിന്റെ അഞ്ചു ശതമാനത്തിൽ താഴെ മാത്രമാണ് ഇന്ത്യ കുട്ടികൾക്കു വേണ്ടി ചെലവഴിക്കുന്നത്. 2009–10 കേന്ദ്രബജറ്റ് കുട്ടികൾക്കായി നീക്കിവെച്ചത് 4.15 ശതമാനം മാത്രമാണ്. ഇതും 447 ദശലക്ഷം പേർ 18 വയസ്സിന് താഴെയുള്ള നമ്മുടെ രാജ്യത്ത്. കുട്ടികൾക്കായുള്ള ആകെ ബജറ്റ് നീക്കിയിരുപ്പിന്റെ വെറും 11.1 ശതമാനമാണ് ശിശു ആരോഗ്യപദ്ധതികൾക്കായുള്ളത്.

പകർച്ചപ്പനിക്കെതിരെ സത്വര നടപടികൾ കൈക്കൊണ്ട ഗവൺമെന്റ് തീർച്ചയായും പ്രശംസയർഹിക്കുന്നുണ്ട്. തുടക്കത്തിൽ വേണ്ടത്ര നടപടി കൈക്കൊള്ളാതിരുന്ന ഭരണയന്ത്രത്തെ വേണ്ടരൂപത്തിൽ വിമർശിച്ച മാധ്യമങ്ങളും കൈയടി അർഹിക്കുന്നുണ്ട്. എന്നാൽ, ഇതേ ആവേശത്തിൽ, ശിശുമരണവും പോഷകാഹാരക്കുറവും തികച്ചും ദേശീയതലത്തിലുള്ള ഒരു രാഷ്ട്രീയ മുൻഗണനയാവേണ്ടതില്ലേ? പോഷകാഹാരക്കുറവ് എന്ന പകർച്ചവ്യാധി ശിശുതലമുറകളെ തന്നെ തുടച്ചുമാറ്റിക്കൊണ്ടിരിക്കുന്നതിനാൽ, യുദ്ധകാലാടിസ്ഥാനത്തിൽ പരിഹരിക്കപ്പെടേണ്ട ഒരു അത്യാഹിതമാണിത്. നമ്മുടെ രാജ്യത്തിന്റെ ഭാവിയോടും നമ്മുടെ കുഞ്ഞുങ്ങളുടെ ക്ഷേമത്തോടുമുള്ള നമ്മുടെ കടമയാണ് (ദി ഹിന്ദു **01–09–09**)

*(Save the Children-ന്റെ ചീഫ് എക്സ്ക്യൂട്ടീവ് ഓഫീസറാണ് ശ്രീ. തോമസ് ചാണ്ടി)*

# മനസ്സിൽ നിറയുന്ന ഗട്ടർ



ജീവിതത്തിന്റെ ലളിതപാഠങ്ങൾ

അക്കു

ബസ്സ്റ്റാന്റിനു മുമ്പിലെ ഗട്ടർ കാണാൻ തുടങ്ങിയിട്ട് രണ്ടുമൂന്ന് ദിവസമായി. റോഡിന്റെ വക്ക് ഇടിഞ്ഞു കുഴിയായിത്തീർന്ന് വെള്ളം കെട്ടിനിൽക്കുന്നുണ്ടതിൽ. സാമാന്യം ആഴമുള്ള ആ കുഴിയിൽ ഒരു മാരുതിക്കാറിന്റെ ചക്രമിറങ്ങി തെന്നി നീങ്ങിയത് ഞാൻ കണ്ടതുമാണ്. ഇരുചക്രവാഹനങ്ങൾ ഒന്നു തെന്നിയാൽ... വണ്ടിയിൽനിന്ന് തെറിച്ചു വീണ് തലയടിച്ച് രക്തത്തിൽ കുളിച്ചു കിടക്കുന്ന ബൈക്ക് യാത്രികനെ ഞാൻ മനസ്സിൽ സങ്കല്പ്പിച്ചു.

ആ കുഴി കുറച്ച് കല്ലും മണ്ണും കോരിയിട്ട് ആരെങ്കിലുമൊന്ന് നികത്തേണ്ടത് അത്യാവശ്യമാണ്. പക്ഷേ.. ആരിത് ചെയ്യും? എല്ലാവരും ആ കുഴി കാണുന്നുണ്ടാകുമല്ലോ.. പക്ഷേ, ഗൗനിക്കാതെ കടന്നുപോകുന്നു! അപകടമുണ്ടായിക്കഴിഞ്ഞിട്ട് റോഡിലെ ഗട്ടറിനെ പഴിച്ചതുകൊണ്ട് എന്താണ് കാര്യം? എന്റെ ചിന്ത ഇങ്ങനെയൊക്കെ നീളുകയാണ്. ഒടുവിൽ അത് എന്നിലേക്ക് തന്നെ മടങ്ങിയെത്തി. എന്തുകൊണ്ട് എനിക്കീ ഗട്ടർ മണ്ണിട്ടു മൂടിക്കൂടാ.... പക്ഷേ.., ഞാൻ എങ്ങിനെ ആളുകൾ കാൺകേ, അങ്ങാടിയുടെ ഒത്ത നടുക്ക് നിന്ന് ഈ കർമ്മം നിർവ്വഹിക്കും? ഒറ്റക്ക് ചെയ്യാനാണ് പ്രശ്നം! ഒരാളെയെങ്കിലും തുണയായി കിട്ടിയാൽ ചെയ്യാമായിരുന്നു. ഞാനാകെ ചിന്താകുഴപ്പത്തിലായി. റോഡിന്റെ തൊട്ടപ്പുറത്തെ കെട്ടിടത്തിന്റെ മുകളിൽ സുഹൃത്തിന്റെ സ്റ്റുഡിയോ ഉണ്ട്. അവിടെ ഫോട്ടോഗ്രാഫറായ ഉണ്ണിയുണ്ട്. അവനെയും കൂട്ടി കുഴി നികത്തൽ നടത്താം.

ഉണ്ണി പറഞ്ഞു: 'കുഴി ഞാനും കണ്ടതാണ്. സംഗതി ഗൗരവമുള്ളതുമാണ്. പക്ഷേ, ഇപ്പോഴെങ്ങിനെ അതു ചെയ്യും? 'ആളുകൾ കാണേ അത് ചെയ്യാൻ ഉണ്ണിക്കും മടി. ഒടുവിൽ ഉണ്ണി പറഞ്ഞു: 'ഇന്ന് രാത്രി സ്റ്റുഡിയോ അടച്ചു പോകുമ്പോൾ ഞാൻ സഹപ്രവർത്തകരെ കൂട്ടി അത് ചെയ്തുകൊള്ളാം. രാത്രിയാവുമ്പോൾ ആരും ഉണ്ടാകില്ലല്ലോ.'

**എന്തുകൊണ്ട് എനിക്കീ ഗട്ടർ മണ്ണിട്ടു മൂടിക്കൂടാ.... പക്ഷേ.., ഞാൻ എങ്ങിനെ ആളുകൾ കാൺകേ, അങ്ങാടിയുടെ ഒത്ത നടുക്ക് നിന്ന് ഈ കർമ്മം നിർവ്വഹിക്കും? ഒറ്റക്ക് ചെയ്യാനാണ് പ്രശ്നം! ഒരാളെയെങ്കിലും തുണയായി കിട്ടിയാൽ ചെയ്യാമായിരുന്നു.**

നല്ല കാര്യം ചെയ്യാൻ ഉണ്ണിക്ക് മടിയില്ല. പക്ഷേ, ആൾക്കൂട്ടത്തിൽ നിന്ന് അത് ചെയ്യാനാണ് പ്രശ്നം. എനിക്കും തോന്നിയ അതേ പ്രശ്നം. എനിക്ക് ഒറ്റക്ക് ചെയ്യാൻ മടിതോന്നിയത് ഉണ്ണിക്ക് രണ്ടാളായാലും തീരുന്നില്ലെന്ന് മാത്രം. ഏതായാലും രാത്രിയോടെ പ്രശ്നം പരിഹരിക്കപ്പെടുമെന്നോർത്ത് ഞാൻ തിരിച്ചുപോയി. ഉള്ളിൽ ചെറിയൊരു അഭിമാനവും തോന്നി. സ്വയം ചെയ്യാനായില്ലെങ്കിലും മറ്റുള്ളവർക്ക് പ്രേരണയാകാനെങ്കിലും സാധിച്ചല്ലോ.

പക്ഷേ, പിറ്റേന്നും ഗട്ടർ ഗട്ടറായി കിടക്കുന്നതുകണ്ടപ്പോൾ വിഷമം തോന്നി. ഉണ്ണിക്ക് എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടായിക്കാണും. ഉണ്ണിയെ പഴിക്കാൻ നിൽക്കാതെ എന്റെ ഭാഗത്തുനിന്നുള്ള ഉത്തരവാദിത്തത്തെക്കുറിച്ച് ആലോചിച്ചു. ഉടനെ കർമ്മനിരതനാവുക തന്നെ. ഗട്ടർ മൂടണം, ഇനി വൈകിക്കൂടാ.., പക്ഷേ.. അത്ഭുതം! എന്റെ ഉള്ളിൽ ആരോ കൊളുത്തിട്ട് വലിക്കും പോലെ.. ഛെ! എങ്ങനെയിത് ചെയ്യും? ചുറ്റും നോക്കുമ്പോൾ... വൈകുന്നേരമാണ്, ഒരു പാടാളുകൾ...! അതൊന്നും പ്രശ്നമാക്കാതെ ഈ ഗട്ടർ നികത്തൽ ചെയ്യാൻ മനസ്സു പറയുന്നു. അതേ മനസ്സിന്റെ ഉള്ളിലിരുന്ന് ആരോ എന്നെ പിന്നാക്കം വലിക്കുന്നു.

ചെയ്യുന്നത് നല്ല കാര്യമാണ്. എല്ലാവരും നന്നെന്നു തന്നെ പറയും. പക്ഷേ, എനിക്കിത് തനിച്ച് പരസ്യമായി ചെയ്യാൻ പറ്റുന്നില്ലല്ലോ.. എനിക്കെന്നെക്കുറിച്ചുതന്നെ ലജ്ജ തോന്നി. നേടിയ ജ്ഞാനമോ അനുഭവങ്ങളോ വായനയോ ഒന്നും എന്റെ തുണക്കെത്തുന്നില്ല.

തൃശൂരിലെ പരിസ്ഥിതി പ്രവർത്തകനും സുഹൃത്തുമായ കരീം കെ. പുറം ബസ്സ് വെയ്റ്റിംഗ് ഷെഡ് വൃത്തിയാക്കിയ കഥയൊക്കെ വായിച്ച് ആവേശം കൊണ്ടയാളാണ് ഞാൻ. പക്ഷേ, വൃത്തികെട്ട അധമബോധം എന്റെയുള്ളിൽ കിടന്ന് പുലമ്പുകയാണ്. നിസ്സാരമായ നടുറോട്ടിലെ ഈ കുഴി മണ്ണിട്ടു മൂടാൻ പോലും പറ്റാത്ത അത്ര ഹീന ചിന്താഗതിക്കാരനായി ഞാൻ മാറിയെന്നോ? ഞാൻ എന്നെത്തന്നെ വിചാരണ ചെയ്ത് ആ ഗട്ടറിനരികിൽ അല്പനേരം നിന്നു. എനിക്ക് എന്നെക്കുറിച്ചോർത്ത് അപമാനം തോന്നി. കരച്ചിൽ വന്നു. ഒരു കാര്യം എനിക്കിപ്പോൾ മനസ്സിലായി. ഏകാന്ത സേവകനാകാനാണ് പ്രശ്നം. ഒരാളെ, ആരെങ്കിലുമൊരാളെ തുണയായി കിട്ടിയാൽ ഞാൻ ആവേശത്തോടെ ഇത് ചെയ്തു തീർക്കും. അതിനെനിക്ക് സങ്കോചമില്ല. ഈ ചിന്തക്കൊടുവിൽ ഞാൻ മൊബൈലെടുത്ത് സുഹൃത്ത് സുനിക്ക് വിളിച്ചു. ഭാഗ്യം! സുനി അവന്റെ പണിപ്പുരയിൽ ഫ്രീ ആയി ഇരിക്കുകയാണ്.

സുനി എത്തിയ ഉടനെ കാര്യം പറഞ്ഞു. കാര്യമറിഞ്ഞപ്പോൾ സുനിക്ക് ആദ്യമൊരു മടി. പിന്നെ എന്റെ ചിന്താമണ്ഡലത്തെ മഥിച്ച കാര്യങ്ങളടക്കം പറഞ്ഞ് സുനിയെ ബോധ്യപ്പെടുത്തി. ഉടൻ സുനി ചാർജ്ജായി. നമ്മൾ രണ്ടാൾക്കും പുറമെ ആരെയെങ്കിലുമൊക്കെ കൂട്ടുന്നത് നന്നായിരിക്കുമെന്നും കുട്ടയോ തൂമ്പയോ സംഘടിപ്പിക്കണമെന്നൊക്കെ സുനി ഇത്തിരി ആശങ്കയോടെ പറഞ്ഞു. അതൊന്നും വേണ്ടെന്നും സുനി കൂടെ നിന്നാൽ നമുക്ക് രണ്ടാൾക്കും ഉടനെയിത് ചെയ്തുതീർക്കാമെന്നും ഞാൻ പറഞ്ഞു. ഗട്ടറിന്റെ കുറച്ചപ്പുറത്ത് ആരോ ഉപേക്ഷിച്ചുപോയ കോൺക്രീറ്റ് അവശിഷ്ടങ്ങൾ കൂനയായി കിടക്കുന്നുണ്ട്. അത് കൈ കൊണ്ട് വാരിയെടുത്ത് കൊണ്ടുവന്ന് ഗട്ടറിൽ നിറച്ചാൽ തല്ക്കാലം പ്രശ്നം പരിഹൃതമാകുമെന്ന് ഞാൻ പറഞ്ഞു. ഇത്തരം ജോലികൾ ചെയ്യാൻ ഒരു ടീമുണ്ടാക്കുന്നത് നല്ലതാണെന്ന അഭിപ്രായവും സുനിക്കുണ്ട്. അതുവഴി വന്ന, സുഹൃത്ത് മൂൺസ് ചന്ദ്രന്റെ മകൻ ജിദ്ദുവിനെയും കൂട്ടി ഞങ്ങൾ ജോലി തുടങ്ങി. സ്കൂൾ വിട്ട് കുട്ടികൾ വരും മുമ്പേ തീർക്കാമെന്നും കൂട്ടുകാർ എന്റെ ഈ റോഡുപണി കണ്ടാൽ മോശമാണെന്നും ജിദ്ദു തമാശരൂപത്തിൽ പറയുന്നുണ്ടായിരുന്നു. ഞങ്ങളിത് ചെയ്തുകൊണ്ടിരിക്കേ ഒരാൾ വന്ന് നല്ലൊരു ശ്രമദാനമാണ് നിങ്ങൾ ചെയ്യുന്നതെന്ന് അഭിനന്ദന സ്വരത്തിൽ പറഞ്ഞു. ട്യൂഷൻ ക്ലാസ്സ് കഴിഞ്ഞ് മടങ്ങുന്ന എന്റെയൊരു പഴയ വിദ്യാർത്ഥി അരികിൽ വന്ന് ഞങ്ങളുടെ ഈ ജോലിയിൽ അവനും കൂടട്ടേ എന്ന് അനുവാദം ചോദിച്ചു. ഞാൻ എന്റെ സന്തോഷം അറിയിച്ചു. ബാഗ് റോഡരികിൽ വെച്ച് അവനും കൂടി. അല്പനേരം കഴിഞ്ഞപ്പോൾ രണ്ടുമൂന്ന് സ്കൂൾ വിദ്യാർത്ഥികൾ വേറെയും വന്ന് ഒന്നും

# ഒരു യാത്രികന്റെ വഴിയിലൂടെ

**സാമൂഹിക ജീവിതത്തിലും കുടുംബജീവിതത്തിലും ഒരുപോലെ നിറഞ്ഞുനിൽക്കുന്ന നൗഷാദ് അരീക്കോടിന്റെ യാത്രീപഥത്തിലൂടെ...**

ചരിത്രവും ഭൂമിശാസ്ത്രവും പുസ്തകത്താളുകളിലെ നിർജ്ജീവമായ അറിവുകളായി സ്വീകരിക്കാൻ മനസ്സില്ലാത്ത ഒരാൾ, ജീവിതത്തിന്റെ കെട്ടുപാടുകളിൽ സ്വയം ബന്ധിതനായി കഴിയാതെ സഞ്ചാരിയുടെ മനസ്സുമായി ഇരിക്കുന്ന ഒരാൾ... അയാൾക്ക് സഞ്ചരിക്കാതിരിക്കാനാവില്ല. കക്കകൾ അടരുന്നതുപോലെ അയാൾ സഞ്ചരിച്ചുകൊണ്ടേയിരിക്കും. സർവ്വസംഗപരിത്യാഗിയല്ലാത്ത ഒരാൾക്ക് സഞ്ചാരങ്ങൾക്കിടയിലെ നിശ്ചലമായ ഇടവേളയോ ഇടവേളകൾക്കിടയിലെ സഞ്ചാരമോ ആണ് ജീവിതം. തിരിച്ചുവരാനായി അയാൾ വീണ്ടും വീണ്ടും സഞ്ചരിച്ചുകൊണ്ടേയിരിക്കും. സാമൂഹിക ജീവിതത്തിലും കുടുംബജീവിതത്തിലും ഒരുപോലെ നിറഞ്ഞുനിൽക്കുന്ന നൗഷാദ് അരീക്കോടിന്റെ യാത്രീപഥത്തിലൂടെ...


## ചെലവ് കുറഞ്ഞ യാത്ര

'ഒറ്റക്കും സംഘമായും യാത്ര ചെയ്യാറുണ്ട്. ഇന്ത്യ മുഴുവൻ പല പ്രാവശ്യമായി ചുറ്റിക്കറങ്ങി. കൂടാതെ നേപ്പാൾ, ഭൂട്ടാൻ, ശ്രീലങ്ക, മലേഷ്യ, സിംഗപ്പൂർ, ഗൾഫ് രാജ്യങ്ങൾ.. ചെലവ് കുറഞ്ഞ രീതിയിൽ യാത്ര ചെയ്യുന്ന ഒരു ശൈലി കാലങ്ങളായി ഉണ്ടാക്കിയെടുത്തിട്ടുണ്ട്.

ഇന്ത്യയിൽ സഞ്ചരിക്കാൻ ഏറ്റവും ചെലവ് കുറവ് ട്രെയിൻ മാർഗ്ഗമാണ്. നേരത്തെ കൃത്യമായി ആസൂത്രണം ചെയ്താൽ ഇന്ത്യൻ റെയിൽവേയുടെ Circulated Journy Ticket (CJT) എടുത്താൽ മൂന്നിൽ ഒന്ന് ചാർജ്ജ് നൽകിയാൽ മതിയാകും. പോകുന്നവഴിക്കല്ലാതെ തിരിച്ചുമടങ്ങണമെന്നു മാത്രം. യാത്രികർക്ക് അതൊരുനുഗ്രഹവുമാണ്. യാത്രക്കിടക്ക് പ്രധാന സ്ഥലങ്ങളിൽ ബ്രേക്ക് എടുത്ത് അവിടെ ഒരുദിവസം തങ്ങി പ്രാദേശിക സ്ഥലങ്ങളെല്ലാം കറങ്ങി. പിറ്റേ ദിസവം അടുത്ത ട്രെയിനിൽ ഇതേ ടിക്കറ്റ് ഉപയോഗിച്ച് യാത്ര തുടരാൻ റെയിൽവേ അനുവദിക്കും. ഇങ്ങനെ ഏതൊക്കെ സ്ഥലങ്ങളിൽ ബ്രേക്ക് എടുക്കണമെന്ന് മുൻകൂട്ടി തീരുമാനിച്ച് പ്ലാൻ റെയിൽവേക്ക് സമർപ്പിക്കണമെന്നു മാത്രം.

യാത്രക്കിടെ താമസമെല്ലാം യൂത്ത് ഹോസ്റ്റലുകളിലാകും. ഇന്ത്യയിലെ പ്രധാന കേന്ദ്രങ്ങളിലെല്ലാം യൂത്ത് ഹോസ്റ്റലുകളുണ്ട്. യൂത്ത് ഹോസ്റ്റൽ മെമ്പർഷിപ്പ് ഉള്ളവർക്ക് തുച്ഛമായ വാടകക്ക് താമസസൗകര്യം കിട്ടും. കുറഞ്ഞ ചെലവിൽ ആഹാരവും സുരക്ഷിതമായ താമസവും യൂത്ത് ഹോസ്റ്റലിന്റെ പ്രത്യേകതയാണ്. കയ്യിലുള്ള യൂത്ത് ഹോസ്റ്റൽ ഡയരക്ടറിയിൽനിന്ന് യാത്ര ആസൂത്രണം ചെയ്യുമ്പോൾതന്നെ ഫോൺ നമ്പറിൽ ബന്ധപ്പെട്ട് താമസസൗകര്യം ബുക്ക് ചെയ്താൽ സംഘമായുള്ള യാത്ര സുഖകരമാകും. ഡാർജിലിംഗിലോ നൈനിറ്റാളിലോ ഒക്കെ ഒരു ദിവസത്തെ താമസം 40 രൂപക്ക് ലഭ്യമാകുന്നത് എന്തുകൊണ്ടും അനുഗ്രഹമല്ലേ?

യാത്രയിലെ ഭക്ഷണം എപ്പോഴും ലളിതമായ വെജിറ്റേറിയൻ ആക്കുന്നതുകൊണ്ട് ചെലവ് കുറയുന്നു. സംഘയാത്രകളിൽ അംഗങ്ങളുടെ എണ്ണം നിജപ്പെടുത്താതിരുന്നാൽ എവിടെയെങ്കിലുംവെച്ച് ടാക്സി വിളിക്കേണ്ടിവരുമ്പോൾ പ്രയാസങ്ങൾ വരും. യാത്രയുടെ ഓർമ്മകളിൽ സൂക്ഷിക്കാനായി പ്രാദേശികമായി പ്രാധാന്യമുള്ള വല്ലതും പണംകൊടുത്ത് വാങ്ങുമെന്നല്ലാതെ ഷോപ്പിംഗ് കഴിയുന്നത്ര കുറക്കുന്നതുകൊണ്ടും യാത്രാചെലവ് കുറയുന്നു.



*നൗഷാദ് ദാൽ തടാകത്തിലെ സവാരിക്കിടെ*

## വായന യാത്രയിലേക്ക്

വായനയാണ് പലപ്പോഴും യാത്രയെ നിർണ്ണയിക്കുന്നതും സ്വാധീനിക്കുന്നതും. ജി. ബാലചന്ദ്രന്റെ പുസ്തകങ്ങൾ വായിച്ചാണ് ഭൂട്ടാനിൽ പോകാൻ തോന്നിയത്. അതുപോലെ എം.ടിയുടെ മഞ്ഞ് വായിച്ച് നൈനിറ്റാളിലുമെത്തി. കന്നട എഴുത്തുകാരൻ ശ്രീകൃഷ്ണ അലനഹള്ളിയുടെ പാവത്താൻ എന്ന നോവൽ വായിച്ചപ്പോൾ അടങ്ങിയിരിക്കാൻ കഴിഞ്ഞില്ല. അതിന്റെ പശ്ചാത്തലമായ കേരള-കർണ്ണാടക അതിർത്തിയിലുള്ള കുഗ്രാമമായ 'ഗവ്വള്ള'യിലേക്ക് ഉടനെ ബസ്സ് കയറി.

യാത്രക്കുവേണ്ടിയും വായനയുണ്ട്. പോകാൻ തീരുമാനിച്ച സ്ഥലങ്ങളുടെ വിശദാംശങ്ങൾക്കുവേണ്ടിയുള്ള വായന. അതിനുവേണ്ടി മാത്രം അലമാര നിറയെ പുസ്തകങ്ങളും മാഗസിനുകളും വാങ്ങി ശേഖരിച്ചിട്ടുണ്ട്. റെയിൽവേ ടൈം ടേബിൾ, ടൂറിസ്റ്റ് ഗൈഡുകൾ, മാപ്പുകൾ, ട്രാവൽ മാഗസിനുകൾ, യാത്രാവിവിരണങ്ങൾ ഇവയെല്ലാം ശേഖരത്തിലുണ്ട്. ഇന്ത്യാ പര്യടനങ്ങൾക്ക് ഏറ്റവും ഉപകാരപ്പെട്ടത് 'Lonely Planet'ന്റെ ഇന്ത്യാ ഗൈഡ് ആണ്.

യാത്ര എഴുത്തിലേക്കും നയിച്ചിട്ടുണ്ട്. വയനാട്, കുടക്,

---

പറയാതെത്തന്നെ ഞങ്ങളുടെ കർമ്മത്തിൽ പങ്കുകൊണ്ടു. ഗുരുവര്യനായ നിത്യചൈതന്യയതി ഒരിക്കൽ എഴുതിയ കാര്യം എന്റെ മുന്നിൽ അനുഭവമായി അപ്പോൾ തെളിഞ്ഞുവന്നു. "സൽകർമ്മം പകർച്ചവ്യാധി പോലെയാണ്. അതും എളുപ്പത്തിൽ പടർന്നുപിടിക്കും!"


നിസ്സാരമായ ഒരു സംഗതിയാണെങ്കിലും എനിക്ക് എന്നെ നന്നായി വിശകലനം ചെയ്യാൻ ലഭിച്ച അപൂർവ്വമായ ഒരവസരമായിരുന്നു ഇത്. ഇത്തരം കാര്യങ്ങൾ തനിച്ചു ചെയ്യാനൊക്കെ കഴിയുന്ന മോശമല്ലാത്ത ഒരാളാണ് എന്ന അഹംബോധം കൊണ്ടുനടന്ന എനിക്ക് എന്നെ പൊതിഞ്ഞുനിൽക്കുന്ന കട്ടിയുള്ള ഒരാവരണം (മിഥ്യാ കഞ്ചുകം) ഭേദിക്കാൻ കഴിഞ്ഞില്ല എന്ന തിരിച്ചറിവ് ആഴത്തിൽ ഉണ്ടായി. എന്റെയുള്ളിലെ അജ്ഞതയുടെ ഗട്ടറുകളും ഞാൻ കണ്ടെത്തി. നേടിയ വിദ്യാഭ്യാസ(?)വും ഇടത്തരക്കാരന്റെ മിഥ്യാ സംസ്കാരവും എല്ലാം ചേർന്ന് സ്വയം ഉണ്ടാക്കിത്തീർത്ത പരിവേഷങ്ങളിൽനിന്ന് മോചിതനായി സ്വതന്ത്രവും ശുദ്ധവും ലളിതവുമായ മനുഷ്യാവസ്ഥയിലേക്ക് വളരേണ്ടതുണ്ട് എന്ന് എന്നെ പഠിപ്പിച്ച ഈ വലിയ ജീവിതപാഠത്തിന് നന്ദി.

ലിമാ ഫീച്ചേഴ്സ്

# വീട് പാർപ്പിടവും കലാശില്പവുമാകുമ്പോൾ

**വൃത്താകൃതിയിൽ നിർമ്മിച്ച എല്ലാ സൗകര്യങ്ങളുമുള്ള ഒരു ഇരനില വീടിന്റെ നിർമ്മാണ ചെലവ് 1.62 ലക്ഷം രൂപ**

നിർമ്മാണച്ചെലവ് ചുരുക്കലും കലാസൗന്ദര്യവും ഒത്തുചേർന്നാൽ കൃഷ്ണകമാർ - ഷീബ കുടുംബത്തിന്റെ 'ചിത്തിര'യായി. നിലവിലുള്ള ഗൃഹനിർമ്മാണ രീതിയിൽനിന്ന് ഏറെ വ്യത്യസ്തമാണ് 'ചിത്തിര'.



ഫോട്ടോ: ഹസ്സൻ മമ്പാട്ട്

ചെലവു ചുരുക്കാൻ കൈകൊണ്ട പ്രധാന മാർഗം വീടിനെ വൃത്താകൃതിയിൽ നിർമ്മിക്കുക എന്നതായിരുന്നു. മൂന്നര മീറ്റർ ആരത്തിൽ വൃത്തം വരച്ച് തറ കീറി കെട്ടിപ്പടുത്ത വീടിന് 55 ചതുരശ്ര മീറ്റർ വിസ്താരത്തിൽ അത്യാവശ്യ സൗകര്യങ്ങൾ എല്ലാം ഉണ്ട്. രണ്ട് നിലയോടെയുള്ള വീട്ടിൽ താഴെ രണ്ട് കിടപ്പുമുറി, ഡൈനിംഗ് കം ഡ്രോയിംഗ് ഹാൾ, കിച്ചൺ, സിറ്റൗട്ട്, ബാത്ത് റൂം എന്നീ സൗകര്യങ്ങളും മുകളിൽ ബാൽക്കണിയും ഹാളുമുണ്ട്. 2000ൽ നിർമ്മിച്ച വീടിന് മൊത്തം ചെലവ് 1.62 ലക്ഷം.

തിരുവനന്തപുരത്ത് പോകുമ്പോൾ തമ്പാനൂരിലെ ഇന്ത്യൻ കോഫി ഹൗസിൽ കയറി കാപ്പി കഴിക്കുമ്പോഴെല്ലാം അതിന്റെ വൃത്താകൃതിയിലെ നിർമ്മാണ ചാരുത ആകർഷിച്ചിരുന്നതായി കൃഷ്ണകുമാർ പറയുന്നു. ലാറി ബേക്കർ നിർമ്മിച്ച കോഫി ഹൗസിന്റെ സവിശേഷമായ നിർമ്മാണ രീതി സൂക്ഷ്മതയോടെ നിരീക്ഷിച്ചിരുന്നു. പിന്നീട് പാലക്കാട് മുണ്ടൂരിലെ ഇന്റർഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്ററിൽ (IRTC) ഒരു ശില്പശാലയിൽ എം.പി പരമേശ്വരൻ വൃത്താകൃതിയിൽ നിർമ്മിച്ച് വീട്ടു നിർമ്മാണ ചെലവ് ചുരുക്കുന്ന രീതി വിശദീകരിച്ചുകേട്ടപ്പോൾ കൃഷ്ണകുമാർ തീർച്ചയാക്കി, താൻ നിർമ്മിക്കുന്ന വീട് വൃത്താകൃതിയിൽതന്നെ.

കൃഷ്ണകുമാർ തന്നെയാണ് വീടിന്റെ പ്ലാൻ തയ്യാറാക്കിയത്. സാങ്കേതിക സഹായങ്ങൾക്കായി നിർമ്മിതി കേന്ദ്രത്തെ സമീപിച്ചപ്പോൾ നിരാശാജനകമായ പ്രതികരണമാണ് ലഭിച്ചത്. നാട്ടിലെ തൊഴിലാളികളെ സാധാരണ രീതികളിൽനിന്ന് വ്യത്യസ്തമായ നിർമ്മാണ രീതി ബോധ്യപ്പെടുത്താൻ പ്രയാസപ്പെട്ടു. വൃത്താകൃതിയിൽ തറ കീറുമ്പോൾ അമ്പലമാണോ നിർമ്മിക്കാൻ പോകുന്നതെന്ന് ചിലർ പരിഹസിച്ചു. എന്നാൽ നാട്ടുകാരനും നിർമ്മാണ തൊഴിലാളിയുമായ സുരേഷ് എന്ന യുവാവ് കൃഷ്ണ

---

ആൻഡമാൻ, കിഴക്കൻ സംസ്ഥാനങ്ങൾ, ഹിമാലയം, കാശ്മീർ തുടങ്ങിയ യാത്രകളുടെ അനുഭവങ്ങൾ പലപ്പോഴായി പത്രങ്ങളിലും ആനുകാലികങ്ങളിലും എഴുതി. (യാത്രാകുറിപ്പുകൾ പുസ്തകമാക്കാനുള്ള ശ്രമത്തിലാണിപ്പോൾ)

ചരിത്രവും ഭൂമിശാസ്ത്രവും ഇഷ്ടവിഷയമായതുകൊണ്ട് യാത്രകളിൽ കൂടുതൽ ശ്രദ്ധിക്കുന്നതും ഇവയാണ്. പണ്ട് പാരലൽ കോളേജുകളിൽ ഭൂമിശാസ്ത്രം പഠിപ്പിക്കേണ്ടി വന്നപ്പോൾ 'ആധികാരികമായി' പറയാൻ ഭൂമിശാസ്ത്രം ഐച്ഛികമായി പഠിക്കാത്ത തനിക്ക് കഴിഞ്ഞത് യാത്രാനുഭവങ്ങൾ കൊണ്ടാണ്.

## യാത്രയിലെ ഓർമ്മകൾ

സ്കൂൾ വിദ്യാഭ്യാസ കാലത്ത് ചാലിയാറിലൂടെ കോഴിക്കോട്ടേക്ക് നടത്തിയ തോണിയാത്രയാണ് ഓർമ്മയിലെ ആദ്യത്തെ യാത്രാനുഭവം. പിന്നീട് കൊച്ചു യാത്രകൾ തൊട്ട് ദീർഘമായ യാത്രകളും നടത്തി. ഈയടുത്ത കാലത്ത് ഹിമാലയത്തിൽ വെച്ചുണ്ടായ ദുരന്താനുഭവത്തിന്റെ ഷോക്ക് ഇപ്പോഴും വിട്ടുമാറിയിട്ടില്ല.

ഇക്കഴിഞ്ഞ ഏപ്രിലിൽ ഹിമാലയൻ യാത്രക്കിടയിൽ അപ്രതീക്ഷിതമായ മഞ്ഞുവീഴ്ചയെത്തുടർന്ന് സഹയാത്രിക തന്റെ കൈപ്പിടിയിൽനിന്ന് തെന്നിവീണതും അബോധാവസ്ഥയിലായ അവർ ടെന്റിൽവെച്ച് മരിച്ചതും അവരുടെ മൃതദേഹവുമായി ദീർഘദൂരം സംഘാംഗങ്ങളോടൊപ്പം താണ്ടിയതും.... യാത്രകളിലെ ഏറ്റവും വേദനിപ്പിക്കുന്ന ഓർമ്മയായിരുന്നു അത്. (ഈ യാത്രയുടെ ഹൃദയസ്പർശിയായ വിവരണം മനോരമ പത്രത്തിൽ പിന്നീട് എഴുതിയിരുന്നു)

....... നൗഷാദ് ഇപ്പോഴും യാത്രകൾ അവസാനിപ്പിച്ചിട്ടില്ല. ഒക്ടോബറിൽ നടത്താനുള്ള മറ്റൊരു ഭാരതയാത്രയുടെ ഒരുക്കത്തിലാണ് അദ്ദേഹം.

**(നൗഷാദ് അരീക്കോടുമായി സംഭാഷണം നടത്തി തയ്യാറാക്കിയത്: അബ്ദുള്ളക്കുട്ടി എടവണ്ണ)**

**നൗഷാദ് അരീക്കോട്:** *മലപ്പുറം ജില്ലയിലെ അരീക്കോട് സ്വദേശി. സഹകരണവകുപ്പിൽ ജോലി. 'വർത്തമാനം' ദിനപത്രത്തിൽ ജനറൽ മാനേജരായി പ്രവർത്തിച്ചു. വിവിധ മത്സര പരീക്ഷകൾക്ക് നടത്തുന്ന പരിശീലനപരിപാടികളിൽ ക്ലാസ്സുകൾ എടുക്കാറുണ്ട്. 'ജി.കെ. ഒരു വിജയപാത' എന്ന പുസ്തകം രചിച്ചിട്ടുണ്ട്. വിലാസം: നൗഷാദ് അരീക്കോട്, 'പാർപ്പിടം', പത്തനാപുരം, വാലില്ലാപുഴ പി.ഒ – 673639 ഫോൺ: 9447134551.*

# ആഡംബര വിവാഹം: 18 ലക്ഷംകുടുംബങ്ങൾ കടക്കെണിയിലെന്ന് വനിതാ കമ്മീഷൻ

ആഡംബര വിവാഹങ്ങൾ സംസ്ഥാനത്തെ 18 ലക്ഷത്തോളം കുടുംബങ്ങളെ കടക്കെണിയിലാക്കിയതായി വനിതാ കമ്മീഷൻ പഠനം. സ്ത്രീധനവും അനാവശ്യ ആർഭാടങ്ങളുമാണ് കുടുംബങ്ങളുടെ നടുവൊടിച്ചതെന്നും പലരും തീരാകടത്തിൽ മുങ്ങിത്താഴുകയാണെന്നും പഠനത്തിൽ കണ്ടെത്തി. ഉയർന്ന സ്ത്രീധനം നൽകിയിട്ടും പല വിവാഹങ്ങളും പണത്തിന്റെ പേരിൽതന്നെ തകർന്നതായും റിപ്പോർട്ടിൽ പറയുന്നു.

എറണാകുളം, അങ്കമാലി മേഖലകളാണ് ആഡംബര വിവാഹത്തിൽ മുന്നിൽ. സ്ത്രീധനം ഏറ്റവും കൂടുതൽ തിരുവനന്തപുരം ജില്ലയിലാണ്. ഉയർന്ന സ്ത്രീധനം നൽകിയിട്ടും വിവാഹബന്ധങ്ങൾ തകർന്ന് പല കുടുംബങ്ങളുടെയും തകർച്ചക്ക് വഴിവെക്കുകയും ആത്മഹത്യകൾക്ക് കാരണമാവുകയും ചെയ്തു. വായ്പകളിലൂടെയും മറ്റും പണം കണ്ടെത്തി വിവാഹത്തിനായി ധൂർത്തടിച്ച കുടുംബങ്ങൾ നിരവധിയാണെന്നും പഠനത്തിൽ തെളിഞ്ഞു.

ഇതിന്റെ അടിസ്ഥാനത്തിൽ 40,000 രൂപക്ക് മുകളിൽ ചെലവു വരുന്ന വിവാഹങ്ങൾക്ക് ആഡംബര നികുതി ഈടാക്കണമെന്നും എല്ലാ വിവാഹങ്ങളും നിയമപരമാക്കണമെന്നും വനിതാ കമ്മീഷൻ സർക്കാറിന് ശിപാർശ നൽകിയിട്ടുണ്ട്. ഓരോ വിവാഹത്തിന്റെയും ചെലവ് പരിശോധിക്കാൻ പ്രത്യേക ഉദ്യോഗസ്ഥരെ നിയമിക്കണമെന്നും ശിപാർശയുണ്ട്.

ആഡംബര വിവാഹത്തിന് നികുതി ഈടാക്കണമെന്ന ശിപാർശയിൽ സർക്കാറാണ് നടപടി സ്വീകരിക്കേണ്ടതെന്ന് വനിതാ കമ്മീഷൻ അംഗം പി.കെ സൈനബ പറഞ്ഞു. ഇക്കാര്യം പരിഗണിച്ചുവരികയാണെന്ന് സർക്കാർ നിയമസഭയിൽ വ്യക്തമാക്കിയിട്ടുണ്ടെന്നും ആഡംബര വിവാഹങ്ങൾ ഒഴിവാക്കുന്നതിന് മത, സാമൂഹിക, രാഷ്ട്രീയ സംഘടനകളുടെ യോഗം വിളിച്ചുചേർക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടെന്നും അവർ കൂട്ടിച്ചേർത്തു.

കമ്മീഷനു മുന്നിൽ വരുന്ന കേസുകളിൽ ഭൂരിഭാഗവും ഇത്തരത്തിലുള്ളതാണ്. സ്ത്രീധനത്തിനെതിരായ ബോധവത്ക്കരണത്തിന്റെ ഭാഗമായി വനിതാ കമ്മീഷൻ ഡോക്യുമെന്ററി പുറത്തിറക്കിയിട്ടുണ്ടെന്നും സൈനബ പറഞ്ഞു.

*(കടപ്പാട്: മാധ്യമം ദിനപത്രം)*

---

കുമാറിന്റെ തുണക്കെത്തി. പൂർണ്ണമായ ഏറ്റെടുക്കാൻ സുരേഷ് തയ്യാറായി. നിർമ്മാണം പൂർത്തീകരിച്ചുവരവേ, താൻ നാട്ടിലില്ലാത്ത ഒരു നാളിൽ വ്യക്തിപരമായ കാരണങ്ങളാൽ ഈ ചെറുപ്പക്കാരൻ സ്വയം ചിതയൊരുക്കി ആത്മഹത്യം ചെയ്ത സംഭവം തളർത്തിയതായി കൃഷ്ണകുമാർ പറഞ്ഞു.

വെട്ടുകല്ലും ഇഷ്ടികയും ഉപയോഗിച്ച് ബീമുകളില്ലാതെയുള്ള നിർമ്മാണരീതിയാണ് സ്വീകരിച്ചത്. താഴെ നില പൂർണ്ണമായി വൃത്തത്തിൽ കെട്ടാൻ 65 കല്ലുകൾ മാത്രമാണ് വേണ്ടിവന്നത്. ജനലുകൾക്ക് പകരം വെളിച്ചവും കാറ്റും കിട്ടാൻ സഹായിക്കുന്ന ജാലികൾ നിർമ്മിച്ചു. വാതിലുകൾക്ക് കട്ടിള കൂടാതെയുള്ള പ്ലഗ്ഗിംഗ് രീതി സ്വീകരിച്ചു. സ്ലാബ്, ഓടുകൾ ഉപയോഗിച്ച് ഫില്ലർ രീതിയിൽ അത്യാവശ്യകനത്തിൽ മാത്രം നിർമ്മിച്ചു. ഗോവണിയുടെ ഓരോ പടികളും പ്രത്യേകം വാർത്ത് എടുത്തുവെച്ചതാണ്. കിടപ്പുമുറിയിൽ പുറത്തേക്ക് തള്ളിനിർമ്മിച്ച 'പടാപ്പുറം' കട്ടിലിനു പകരമായി. സ്ലാബ് വെച്ചുണ്ടാക്കിയ ഈ ബെഡിന്റെ അടിഭാഗം സാധനങ്ങൾ സൂക്ഷിച്ചുവെക്കാനുള്ള അറയായി. കിടപ്പുമുറിയുടെ ജാലകത്തിനു പകരമുള്ള ജാലി ആവശ്യമുള്ളപ്പോൾ അടക്കാൻ നിർമ്മിച്ച മരപ്പലക ചങ്ങലയിൽ ഘടിപ്പിച്ച് നിർവർത്തിവെച്ചാൽ എഴുത്തുമേശയായി ഉപയോഗിക്കാം.

ഫോട്ടോഗ്രാഫറും ചിത്രകാരനും നാടകപ്രവർത്തകനും എഴുത്തുകാരനും ക്രാഫ്റ്റ് വിദഗ്ധനുമൊക്കെയായ കൃഷ്ണകുമാറിന്റെ പ്രതിഭയും കരസ്പർശവുമാണ് വീടിനെ ഒരേ സമയം പാർപ്പിടവും കലാശില്പവുമായി മാറ്റിയത്. അഭിരുചികൾക്കും കാഴ്ചപ്പാടുകൾക്കും സാമ്പത്തികശേഷിക്കുമൊത്ത് നാം നിർമ്മിക്കുന്ന വീടുകൾ അടുത്ത തലമുറക്ക് ഇഷ്ടമാവാത്ത ഒരു കാലഘട്ടമാണിത്. അതുകൊണ്ടുതന്നെ കാലാകാലങ്ങൾക്കായി ഒരു വീട്, പണവും പ്രകൃതിവിഭവങ്ങളും ധൂർത്തടിച്ച് നിർമ്മിക്കേണ്ടതില്ലെന്ന കൃഷ്ണകുമാറിന്റെ അഭിപ്രായത്തിന് ഏറെ പ്രസക്തിയുണ്ട്.



കൃഷ്ണകുമാറും കുടുംബവും

കുഴിമണ്ണ ഗവൺമെന്റ് ഹയർസെക്കണ്ടറി സ്കൂളിൽ ക്ലാർക്കായി ജോലിചെയ്യുന്ന കൃഷ്ണകുമാർ അറിയപ്പെടുന്ന സാംസ്കാരിക പ്രവർത്തകനാണ്. ഭാര്യ ഷീബ ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സാണ്. ആനിമേഷൻ വിദ്യാർത്ഥിനി അപർണ്ണ, ഏഴാം ക്ലാസ്സുകാരൻ ഹാശ്മി എന്നീ മക്കളും അടങ്ങിയ കുടുംബമാണ് 'ചിത്തിര'യിൽ.

മലപ്പുറം ജില്ലയിലെ കുണ്ടോട്ടിക്കും അരീക്കോടിനും ഇടയിൽ കിഴിശ്ശേരി - കുഴിമണ്ണയിലാണ് 'ചിത്തിര'.

*(വിലാസം: കൃഷ്ണകുമാർ, 'ചിത്തിര' കുഴിമണ്ണ. കിഴിശ്ശേരി പി.ഒ. 673641. മലപ്പുറം ജില്ല. ഫോൺ: 9495852116)*

Little Masika September 2009 Postal Reg.No. KL/MJI/82/2007-2009.RN 67322 / 94 registered with the Registrar of News Papers for India New Delhi Rs. 6.50

# Subscribe to The Green Truth

























## relevance of being little

ചെറുതായിരിക്കുന്നതിന്റെ പ്രസക്തി

## ലിറ്റിൽ മാസിക

2009 സെപ്തംബർ

ലക്കം: 110

ചെറുതായിരിക്കുന്നതിന്റെ പ്രസക്തിയെക്കുറിച്ച് നിരന്തരം അന്വേഷിക്കുന്നു. പ്രസക്തങ്ങളായ ചെറിയ കാര്യങ്ങളെക്കുറിച്ച് ജാഗ്രതയോടെ സംസാരിക്കുന്നു. ആശയപരമായി പ്രതികരിച്ചും പ്രചാരണപരമായി സഹായിച്ചും നിങ്ങൾക്കും എഴുത്തിന്റെയും അന്വേഷണത്തിന്റെയും ഈ തനതുവഴികളിൽ പങ്കാളികളാകാം.

Registered Periodical

*If undeliverd, please return to*

Editor
Little masika
Chungathara P.O.
Malappuram Dt.
Pin: 679 334
Kerala

Edited, Printed, Published and owned by Biju John published at Chungathara
printed at Imperial Edv. for Co-op Press, Chungathara